പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T1634 | 02.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി | |
| ചോദ്യം | ഉത്തരം |
| ശ്രീ.ആർ.രാജേഷ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിനും ചുനക്കര ഗ്രാമപഞ്ചായത്ത്, പഞ്ചായത്തതിർത്തിക്കുള്ളിലെ പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിനും അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥലത്ത് മാതൃകാ അംഗനവാടി ആരംഭിക്കുന്നതിന് വില്ലേജ് ആഫീസർ റിപ്പോർട്ട് തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) ഉണ്ട്. |
| (സി) മാതൃകാ അംഗനവാടി ആരംഭിക്കുന്നതിന് പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) മാവേലിക്കര നിയോജക മണ്ഡലത്തിൽ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിന് ചുനക്കര പഞ്ചായത്തിലെ 51-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി ഉയർത്തി ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ടി സ്ഥലം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ ചുനക്കര പഞ്ചായത്തിലെ തന്നെ സെന്റർ നമ്പർ 34 മാതൃകാ അങ്കണവാടിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ